(സി) ഈ ഹോംസെയിൽ ഷോപ്പിനുവേണ്ടി എത്രപേരിൽനിന്ന് അപേക്ഷ ലഭിച്ചിരുന്നുവെന്നും അവർ ആരെല്ലാമെന്നും ആർക്ക് കൊടുക്കാമെന്ന് തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാടാനപ്പള്ളിയിൽ പുതുതായി ഒരു റേഷൻ മൊത്തവ്യാപാരശാല അനുവദിച്ചതിനാൽ നാട്ടിക ഫർക്കാ കോ. ഓപ്പറേറീവ് റൂറൽ ബാങ്ക് നടത്തിവന്ന മൊത്തവ്യാപാരശാലയിലോട്ട് ചേർത്തിരുന്ന ചില റേഷൻകടകളെ മാറ്റുക ഉണ്ടായി. പുതുതായി അനുവദിച്ച മൊത്ത വ്യാപാരശാല ശ്രീ. എ. ഐ. വിജയനാണ് നൽകിയിട്ടുള്ളത്.

(ബി) ചാവക്കാട് താലൂക്കിലെ റേഷൻകടക്കാരുടെ സൗകര്യാർത്ഥമാണ് വാടാനപ്പള്ളിയിൽ പുതുതായി ഒരു മൊത്തവ്യാപാരശാല അനുവദിച്ചത്.

(സി) തഴെ പറയുന്ന വ്യക്തികളും കോ-ഓപ്പറേറീവ് ബാങ്കും അപേക്ഷകൾ സമർപ്പിച്ചിരുന്നു :

1. നാട്ടിക ഫർക്കാ കോ-ഓപ്പറേറീവ് റൂറൽ ബാങ്ക്.
2. വി. കെ. അബ്ദുൽ റസ്സാക്ക്.
3. എ. ഐ. വിജയൻ.
4. സി. വി. ബാലകൃഷ്ണൻ.
5. കനവിൽ വിജയൻ.
6. താഹർ ബാബുസേട്ട്.
7. ആർ. എ. അബ്ദുൾ കഫൂർ

എന്നിവരായിരുന്നു അപേക്ഷകർ. യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ശ്രീ. എ. ഐ. വിജയനു ഹോംസെയിൽ ഡിപ്പോ അനുവദിച്ചത്.

റേഷൻ ഷാപ്പുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ

1240. [1683] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-1985 നു ശേഷം സിവിൽ സപ്ലൈസ് വകുപ്പ് റേഷൻ ഷാപ്പുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് വില കൂട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങൾക്ക് എത്ര ശതമാനം ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചസാരയ്ക്ക് പത്തു ശതമാനം വിലകൂട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly